(ബി) വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ ഘടനയെ കുറിച്ച് ലോകബാങ്ക് എന്തെങ്കിലും നിർദ്ദേശം വച്ചിരുന്നോ; എങ്കിൽ എന്താണെന്ന് പറയാമോ; ഈ നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ;

(സി) അതോറിറ്റിയുടെ പ്രവർത്തനത്തെക്കുറിച്ചു കേന്ദ്ര വാട്ടർ അതോറിറ്റിയുടെ എന്തെങ്കിലും അഭിപ്രായം അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണ്;

(ഡി) 7-ാം പദ്ധതിക്കാലത്ത് നടപ്പിലാക്കാൻ പോകുന്ന ഗ്രാമീണ അഴുക്കുചാൽ പദ്ധതിക്ക് ലോകബാങ്ക് എന്തു തുകയാണ് നീക്കി വച്ചിട്ടുള്ളത്;

ജലസേചനവകുപ്പു മന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ):

(എ) വിവരങ്ങളടങ്ങിയ അനുബന്ധം മേശപ്പുറത്ത് വയ്ക്കുന്നു

(ബി) വാട്ടർ ആൻഡ് വെസ്റ്റ് വാട്ടർ അതോറിറ്റിയെ മൂന്ന് മേഖലകളായി തിരിച്ച് മൂന്ന് ചീഫ് എൻജിനിയർമാരുടെ കീഴിലാക്കുകയും പ്ലാനിംഗ് ടെക്നിക്കൽ സർവ്വീസുകൾക്കുമായി, ഹെഡ്കാർട്ടേഴ്സിൽ ഒരു പ്രത്യേക ചീഫ് എൻജിനീയറേയും അതിനു വേണ്ടുന്ന മറ്റ് ഉദ്യോഗസ്ഥൻമാരെയും നിയമിക്കുകയും അക്കൗണ്ട്സ് ആഡിറ്റ് വിഭാഗങ്ങളുടെ നടത്തിപ്പിനു വേണ്ടി ഫൈനാൻഷ്യൽ അഡൈവസർ ആൻറ് ചീഫ് അക്കൗണ്ടും ആഫീസർ (ചീഫ് എൻജിനീയറുടെ ഗ്രേഡിൽ) ഒരു ചാർട്ടേഡ് അക്കൗണ്ടൻറും മറ്റ് കീഴ് ഉദ്യോഗസ്ഥൻമാരും നിയമിക്കുകയും ചെയ്യണമെന്നും ഹെഡ്കാർട്ടേഴ്സിൽ പ്ലാനിംഗ് ചീഫ് എൻജിനീയറുടെ കീഴിലായി ചെലവ് കുറഞ്ഞ കക്കൂസ് നിർമ്മാണ പദ്ധതിയുടെ നടത്തിപ്പിലേക്ക് ഒരു പ്രത്യേക സെൽ രൂപീകരിക്കണമെന്നും ലോകബാങ്ക് അഭിപ്രായപ്പെട്ടിരുന്നു. ഭൂമി ഏറെറടുക്കലിന് കാലതാമസം ഒഴിവാക്കാൻ ഓരോ റീജിയണൽ ചീഫ് എൻജിനീയറൻമാരുടെ ഓഫീസുകളിലും പ്രത്യേക സെൽ രൂപീകരിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ഒരു പരിധിവരെയുള്ള (2500 രൂപാ ഏറെറവും കൂടിയ അടിസ്ഥാന ശമ്പളം) തസ്തികകൾ ഉണ്ടാക്കാനുള്ള അധികാരം അതോറിറ്റിയ്ക്ക് നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതികളുടെ പ്രവർത്തനത്തിനും മേൽനോട്ടത്തിനും ആവശ്യമായ ഫീൽഡ് സ്റ്റാഫിനെ നിയമിക്കണമെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.

മൂന്ന് മേഖലകളായി തിരിച്ച് ഓരോ മേഖലയും ഓരോ ചീഫ് എൻജിനീയറൻമാരുടെ കീഴിലാക്കിക്കൊണ്ടുള്ള സംവിധാനം ഉണ്ടാക്കികഴിഞ്ഞിട്ടുണ്ട്. ബാക്കി നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുക്കൊണ്ടിരിക്കുകയാണ്.

കേന്ദ്ര വാട്ടർ അതോറിറ്റി എന്നൊരു സ്ഥാപനം നിലവിലുള്ളതായി അറിവില്ല.

ലോകബാങ്കിൻെറ സഹായം ആവശ്യപ്പെട്ടിട്ടില്ല.

*. അനുബന്ധം..1

തൊഴിൽ തർക്കങ്ങൾ

* 347. [406] ശ്രീ. ടി. വി. വിജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നപ്പോൾ നിലനിന്നിരുന്ന തൊഴിൽ തർക്കങ്ങൾ എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോഴും എത്ര തർക്കങ്ങൾ നിലവിലുണ്ട്?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) 5367.

(ബി) 2835.

ദേശീയ ജലപാത

* 348. [407] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, സി. കെ. ചക്രപാണി :
,, ടി. കെ. അബ്ദു :
,, എസ്. ഗോവിന്ദക്കുറുപ്പ് :
,, കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെസ്റ്റ് കോസ്റ്റ് കനാൽ (മഞ്ചേശ്വരം മുതൽ തിരുവനന്തപുരം വരെ) ദേശീയജലപാതയാക്കുന്നതിനു സർക്കാർ നിർദ്ദേശമുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ പദ്ധതി രൂപം കേന്ദ്രഗവൺമെന്റിനു സമർപ്പിച്ചുവോ ;

(സി) കാസർകോട് മുതൽ തിരുവനന്തപുരം വരെയുള്ള ജലമാർഗ്ഗം ദേശീയ ജലപാതയായി പ്രഖ്യാപിക്കണമെന്നു സർക്കാരിന്റെ ആവശ്യം ആസൂത്രണ കമ്മീഷന്റെ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചിട്ടുണ്ടോ ;

(ഡി) ഏതെല്ലാം ഘട്ടങ്ങളായിട്ടാണ് ഈ ജലമാർഗ്ഗ പദ്ധതിയുടെ പണി നടത്താൻ ഉദ്ദേശിക്കുന്നത് ;

(ഇ) ഇതിനുവേണ്ടി മൊത്തം എത്ര കോടി രൂപയുടെ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ എത്ര ;

(ജി) ഈ പദ്ധതി മൂലമുണ്ടാകുന്ന പ്രധാന നേട്ടങ്ങൾ എന്തെല്ലാമാണ്?

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) :

(എ) ഈ പദ്ധതി ഏറ്റെടുക്കാനുള്ള ഒരു നിവേദനം 1982 ഒക്ടോബറിൽ കേരള ജലസേചനവകുപ്പുമന്ത്രി കേന്ദ്ര ഷിപ്പിംഗ് ആൻഡ് ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിക്കു സമർപ്പിച്ചിട്ടുണ്ട്. ഇത് കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്;

(ബി) തിരുവനന്തപുരം-കൊല്ലം, കൊല്ലം-കൊച്ചി, കൊച്ചി-ബെയ്പൂർ, ബെയ്പൂർ-മഞ്ചേശ്വരം എന്നു നാല് മേഖലകൾക്കായി 145.27 കോടി രൂപക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ കൊല്ലം കൊച്ചി മേഖലക്കുള്ള 6.18 രൂപ മതിപ്പ് ചെലവുള്ള പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനു അയച്ചുകൊടുത്തിട്ടുണ്ട്.

(സി) ഈ പദ്ധതിയുടെ ഭാഗമായ ആലപ്പുഴ കൊച്ചി വിഭാഗം ദേശീയ ജലപാതയായി അംഗീകരിക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ ദേശീയ ജലഗതാഗതവകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly